(സി) തലപ്പള്ളി താലൂക്കിൽ എത്ര കിലോ ലിറ്റർ മണ്ണെണ്ണയാണ് 1994–95, 1995–96 വർഷത്തിൽ അനുവദിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) 1995–96 വർഷത്തിൽ ഇവിടെ പുതിയ ഏജൻസി അനുവദിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ പുതിയ ഏജൻസിക്ക് വാഹനമോ, ഗോഡൗണോ ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ പ്രസ്തുത ലൈസൻസ് അനുവദിച്ച ഉദ്യോഗസ്ഥൻ ആരാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) മറുപടി അനുബന്ധമായി വെച്ചിട്ടുണ്ട്.†

(സി) 1994–95 വർഷത്തിൽ 5996 കി. ലിറ്ററും 1995–96 വർഷത്തിൽ ഫെബ്രുവരി വരെ 5112 കി. ലിറ്റർ മണ്ണെണ്ണയും ആണ് അനുവദിച്ചത്.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

III. അവകാശലംഘന പ്രശ്നം

മി. സ്പീക്കർ: 3–3–1996–ലെ മലയാള മനോരമ ദിനപത്രത്തിൽ—"വാഴ്സിറ്റിക്ക് അടുത്തുവരാൻ യോഗ്യതയില്ലാത്തവർ സിൻഡിക്കേറ്റിൽ ഡോ. കെ.ജി. അടിയോടി" എന്ന ശീർഷകത്തിൽ പ്രത്യക്ഷപ്പെട്ട വാർത്തയുടെ അടിസ്ഥാനത്തിൽ കൊച്ചി ശാസ്ത്ര–സാങ്കേതിക ശാസ്ത്ര സർവകലാശാലയുടെ വൈസ് ചാൻസലർ ഡോ. കെ. ജി. അടിയോടിക്ക് എതിരെ ശ്രീ. എം.ജെ. സക്കറിയ കണ്ടംപ്ട് ഓഫ് ദി ഹൗസിനും സഭാംഗങ്ങളുടെ അവകാശ ലംഘനത്തിനും നോട്ടീസ് നൽകിയിട്ടുണ്ട്. ഈ നോട്ടീസ് ക്രമാനുസൃതമാകയാൽ ചെയർ ഇത് സഭയിൽ ഉന്നയിക്കാൻ അനുവാദം കൊടുത്തിട്ടുണ്ട്. ശ്രീ. എം. ജെ. സക്കറിയക്ക് അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് റൂൾ 157 (1) അനുസരിച്ച് സഭയുടെ അനുമതി നൽകുന്നതു സംബന്ധിച്ചാണ് ഇത് ഇവിടെ ഉന്നയിക്കുന്നത്.

9.30 a.m.]

† അനുബന്ധം—VII

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. ജെ. സക്കറിയ: സർ, ''വാഴ്സിറ്റിക്ക് അടുത്തുവരാൻ യോഗ്യതയില്ലാത്തവർ സിൻഡിക്കേറ്റിൽ—ഡോ. കെ. ജി. അടിയോടി'' എന്ന ശീർഷകത്തിൽ 3-3-1996-ലെ മലയാള മനോരമ ദിനപത്രത്തിൽ പ്രത്യക്ഷപ്പെട്ട വാർത്തയുടെ അടിസ്ഥാനത്തിൽ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവകലാശാലയുടെ വൈസ് ചാൻസലർ ഡോ. കെ. ജി. അടിയോടിക്ക് എതിരെ കണ്ടംപ്ടഡ് ഓഫ് ദി ഹൗസിനും സഭാംഗങ്ങളുടെ അവകാശലംഘനത്തിനും ഞാൻ നോട്ടീസു നൽകിയിട്ടുള്ള ഉപക്ഷേപത്തിന് സഭ അനുമതി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. സർ, കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവകലാശാല വൈസ് ചാൻസലർ ഡോ. കെ. ജി. അടിയോടി കൊച്ചിയിൽ ചേർന്ന സ്വകാര്യ കോളേജ് പ്രിൻസിപ്പൽമാരുടെ വാർഷിക സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു നടത്തിയ അത്യന്തം ഗുരുതരവും പ്രകോപനപരവും സഭയുടെയും സാമാജികൻമാരുടെയും അന്തസ് ഇടിച്ചുതാഴ്ത്തുന്നതും തരം താണതുമായ ഒരു പ്രസംഗമാണ് അവകാശലംഘനത്തിന് ആധാരമായിട്ടുള്ളത്. സംസ്ഥാന ഉന്നത വിദ്യാഭ്യാസത്തിന്റെ അക്കാഡമിക് മാനദണ്ഡം വിലയിരുത്തുകയും അതിന്റെ നിലവാരം ഉയർത്തുകയും ചെയ്യുന്നതിനെപ്പറ്റി .....(ബഹളം).....

മി. സ്പീക്കർ: സഭ അനുവാദം കൊടുത്തിട്ടുണ്ട് ഈ അവകാശ ലംഘനപ്രശ്നം ഉന്നയിക്കാൻ. ഇതു പ്രിവിലേജ് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പോയിന്റാണ് അദ്ദേഹം ഇവിടെ റെയിസ് ചെയ്യുന്നത്.....(ബഹളം).....

ശ്രീ. ടി. ശിവദാസമേനോൻ: സർ, പോയിന്റ് ഓഫ് ഓർഡർ. ഒരു പ്രിവിലേജ് മോഷൻ മൂവ് ചെയ്താൽ—പ്രിവിലേജ് ഹർജി ഇവിടെ നിരവധി കിട്ടിയിട്ടുണ്ട്. അതൊന്നും ഇങ്ങനെയൊരു ചർച്ചയ്ക്ക് സഭയിൽ അനുവദിക്കാറില്ല. റിപ്പോർട്ട് ചർച്ച ചെയ്യും. പക്ഷെ സഭയിൽ ഉന്നയിക്കുന്നതും ചർച്ചചെയ്യുന്നതുമായ കീഴ്വഴക്കം നല്ലതാണ്. ആ കീഴ്വഴക്കം പുതിയതായി ഉണ്ടാക്കുകയാണെന്ന് ബഹുമാനപ്പെട്ട സ്പീക്കർക്ക് അറിയാമോ?

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, ഞാൻ രണ്ടുദിവസം മുമ്പ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് എതിരെ ഒരു പ്രിവിലേജ് നോട്ടീസ് തന്നിട്ടുണ്ട്. ആ പ്രിവിലേജ് നോട്ടീസിനെപ്പറ്റി ഇവിടെ മെൻഷൻ ചെയ്യുകപോലും ചെയ്തിട്ടില്ല. ആ പ്രിവിലേജ് നോട്ടീസ് മറ്റൊന്നുമല്ല, ഈ അദ്ധ്യയന വർഷം മലബാർ യൂണിവേഴ്സിറ്റി തുടങ്ങുകയില്ല എന്ന് കഴിഞ്ഞ നിയമസഭയിൽ വിദ്യാഭ്യാസ വകുപ്പുമന്ത്രി ഉറപ്പു നൽകിയിരുന്നു. ആ പ്രിവിലേജിനെക്കുറിച്ച് റഫർ ചെയ്യുകപോലും ചെയ്തില്ല. രണ്ടുദിവസം മുമ്പ് തന്നതാണ്.

മി. സ്പീക്കർ: അത് പരിശോധിക്കാം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. സി. വി. പത്മരാജൻ): സർ, ബഹുമാനപ്പെട്ട എം. ജെ. സക്കറിയയുടെ സബ്മിഷന്റെ അടിസ്ഥാനത്തിൽ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവകലാശാല വൈസ് ചാൻസലർ ഡോ. കെ. ജി. അടിയോടിക്ക് എതിരെ കണ്ടംപ്ടഡ് ഓഫ് ദി ഹൗസിനും സഭാംഗങ്ങളുടെ അവകാശ ലംഘനത്തിനും നൽകിയിട്ടുള്ള നോട്ടീസ് പ്രിവിലേജ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ: പ്രിവിലേജ് പ്രശ്നം സമ്മേളനത്തിന്റെ അവസാനത്തെ ദിവസം പരിഗണിക്കുകയാണ് പതിവ്. അതിനുമുമ്പ് ഇവിടെ നോട്ടീസ് അവതരിപ്പിക്കാൻ അവസരം കൊടുത്തു എന്നുള്ളത് ഇതാദ്യമാണ്.

ശ്രീ. എം. രജ. സക്കറിയ: സർ, പോയിന്റ് ഓഫ് ഓർഡർ, റൂം 157-ൽ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്.

ശ്രീ. സി. കെ. ചന്ദ്രപ്പൻ: സർ, പ്രിവിലേജ് മോഷനു നോട്ടീസു കൊടുത്തിയാൽ അതു അഡ്മിസിബിളാണെന്നു സ്പീക്കർക്കു തോന്നുകയാണെങ്കിൽ കമ്മിറ്റിക്കു റഫർ ചെയ്താൽ മതി. സഭയിൽ കൊണ്ടുവരേണ്ട കാര്യമില്ല. അങ്ങനെയാണ് ഇതുവരെ ചെയ്യാറ്. സഭയിൽ കൊണ്ടു വരുമ്പോഴേക്കും ഞങ്ങൾക്ക് ഡിസ്കഷനു അവസരം തരണം.

മി. സ്പീക്കർ: ഇതിൽ 157(1) റൂം പ്രകാരം The Speaker if he gives consent under Rule 154 and holds that the matter proposed to be discussed is in order, shall, after the question and before the list of business is entered upon, call the members concerned, who shall rise in his place and, while asking for leave to raise the question of privilege, make a short statement relevant thereto. ഈ നടപടിക്രമമനുസരിച്ചാണ് ചെയ്തത്. ഏതായാലും അതു പരിഗണിച്ച നിലയ്ക്ക് ഫൈനലൈസ് ചെയ്യാം. വേറെ എന്തെങ്കിലുമുണ്ടെങ്കിൽ ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ പരിഗണിക്കാം.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: ബഹുമാനപ്പെട്ട സ്പീക്കർ, അങ്ങു വളരെ അസാധാരണമായ നിലയിൽ ഒരു നിലപാടു സ്വീകരിച്ചതു വളരെ കഷ്ടമായിപ്പോയി. ഇതുവരെയുള്ള കീഴ്വഴക്കമനുസരിച്ചു അടിയന്തിരപ്രമേയം അനുവദിക്കേണ്ടതുണ്ടെങ്കിൽ അതു അനുവദിച്ചു കഴിഞ്ഞാൽ അതിനല്ലേ പ്രയോറിറ്റി കൊടുക്കേണ്ടതു, അതിനുശേഷമല്ലേ ഇതെല്ലാം വരുന്നതു? ആ പ്രീസിഡൻറിനു വിരുദ്ധമായി എന്താണാവോ ഇത്ര പ്രത്യേകസ്ഥിതി എന്നു മനസ്സിലാകുന്നില്ല.

മി. സ്പീക്കർ: പ്രീസിഡൻറു ഞാൻ പരിശോധിക്കാം. റൂം 157(1) വകുപ്പനുസരിച്ചു മാത്രമാണു ഞാൻ ചെയ്തതു. അതു കീഴ്വഴക്കത്തിനു വിരുദ്ധമാണോ എന്നു പരിശോധിക്കാം. റൂം 157 (1) വകുപ്പുപ്രകാരം ഞാൻ അനുവദിച്ചു. അതിൽ നിയമവിരുദ്ധമായി ഒന്നുമില്ല. ആ നിലയ്ക്കു നമുക്ക് തീരുമാനമെടുത്തശേഷം അടിയന്തിരപ്രമേയമെടുക്കാം.

പ്രമേയം സഭ വോട്ടിനിട്ടു അംഗീകരിച്ചു. അവകാശ ലംഘന പ്രശ്നം പരിശോധനയ്ക്കും അന്വേഷണത്തിനും റിപ്പോർട്ടിനുമായി പ്രിവിലേജ് കമ്മിറ്റിക്ക് അയച്ചു.

LIBRARY ARCHIVES Kerala Legislative Assembly